# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി8/1963/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 30/11/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

(1)ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്(ഉപരിപത്രം സഹിതം)
(2)അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ(ജനറൽ)
(3)ഓഫീസ് പകർപ്പ്

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി8/1963/22 തീയ്യതി: 30/11/2022

## കോഴിക്കോട് ജില്ലയിലെ കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-12-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 03-10-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.സിനി എം.വി | ജോയിന്റ് ഡയറക്ടർ | 27-09-2022 | 03-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 27-09-2022 | 03-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.കെ.എം ബാലകൃഷ്ണൻ ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ.എൻ രാജീവൻ സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ജാസിർ സി.എം സീനിയർ ഗ്രേഡ് ഓഡിറ്റർ.

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ചന്ദ്രി കെ.പി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.പ്രജുകുമാർ കെ.ടി | സെക്രട്ടറി | 01-04-2021 | 01-03-2022 |
| ശ്രീമതി.ശീതള കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-03-2022 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ആതിര നാരായണൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 19-07-2021 |
| ശ്രീ.സുവീഷ് ടി.ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 20-07-2021 | 26-11-2021 |
| ശ്രീമതി.ബിജിഷ ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 27-11-2021 | 31-03-2022 |
| ശ്രീ.അബ്ദുൾ അസീസ് | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 08-12-2021 |
| ശ്രീമതി.സൗദ | പട്ടികജാതി വികസന ഓഫീസർ | 09-12-2021 | 31-03-2022 |
| ശ്രീമതി.സജിത പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ഉഷാകുമാരി വി | സി.ഡി.പി.ഒ | 01-04-2021 | 26-10-2021 |
| ശ്രീമതി.ദീപ കെ | സി.ഡി.പി.ഒ(അധിക ചുമതല) | 27-10-2021 | 31-03-2022 |
| ഡോ.അനൂപ് ബാലഗോപാൽ | മെഡിക്കൽ ഓഫീസർ(താലൂക്ക് ആശുപത്രി) | 01-04-2021 | 31-03-2022 |
| ശ്രീ.അശ്ഹർ ടി | വ്യവയായ വികസന ഓഫീസർ | 01-04-2021 | 02-04-2021 |
| ശ്രീ.സിജിത്ത് എ.പി | വ്യവയായ വികസന ഓഫീസർ | 03-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ.നൗഫൽ അലി കെ.എ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 01-02-2022 |
| ശ്രീ.അനി ടി.പി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ(അധിക ചുമതല) | 02-02-2022 | 17-02-2022 |
| ശ്രീ.നൗഫൽ അലി കെ.എ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 18-02-2022 | 31-03-2022 |
| ശ്രീമതി പുഷ്പ എസ് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2021 | 05-06-2021 |
| ശ്രീമതി രമ്യ രാജൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 05-06-2021 | 12-10-2021 |
| ശ്രീമതി.ലക്ഷ്മി സി.എസ് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 13-10-2021 | 08-11-2021 |
| ശ്രീമതി സ്മിത നന്ദിനി പി.കെ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 09-11-2021 | 30-11-2021 |
| ശ്രീ.എസ്.സന്തോഷ് കുമാർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-12-2021 | 31-03-2022 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 8 | പൊതുമരാമത്ത് പദ്ധതികളുടെ നിർവ്വഹണത്തിലെ പൊതു അപാകതകൾ | 1-7 |
| 9 | എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി - പദ്ധതി മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച | 1-8 |
| 10 | അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല | 1-9 |
| 11 | കുറ്റ്യാടി താലൂക്ക് ആശുപത്രിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ-സർക്കാർ ഉത്തരവിന് വിരുദ്ധമായി പദ്ധതി പണം ചെലവഴിച്ചു | 1-10 |
| 12 | വനിതകൾക്ക് പ്രത്യേകമായി പദ്ധതികളാവിഷ്കരിക്കുന്നതിൽ വീഴ്ച | 1-11 |
| 13 | കമ്മ്യൂണിറ്റി ബേസ്ഡ് ഡിസെബിലിറ്റി മാനേജ്മെന്റ് സെന്റർ നടത്തിപ്പ് - മുഴുവൻ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. | 1-12 |
| 14 | ഭവന നിർമ്മാണ പദ്ധതികൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിൽ വീഴ്ച | 1-13 |
| 15 | പട്ടികവർഗ്ഗ കോളനിയിൽ മെഡിക്കൽ ക്യാംപ് -മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത ഇനത്തിന് തുക ചെലവഴിച്ചു. | 1-14 |
| 16 | ബേങ്കുകളുടെ അനാസ്ഥ – സ്വയം തൊഴിൽ സംരംഭം ആരംഭിച്ച ഗ്രൂപ്പുകൾ പ്രതിസന്ധിയിൽ | 1-15 |
| 17 | സ്വയം തൊഴിൽ സംരഭത്തിന് സബ്സിഡി ലഭിച്ച വനിതാ ഗ്രൂപ്പ് സംരഭം തുടങ്ങിയില്ല. | 1-16 |
| | ഭാഗം 2 | |
| | --- No Records Found --- | |
| | ഭാഗം 3 | |
| | --- No Records Found --- | |
| | ഭാഗം 4 | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |

| | | |
|---|---|---|
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ഭരണസമിതിയുടെ 20/03/2021 ലെ 01/ 01 നമ്പർ തീരുമാന പ്രകാരം 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 26.03.2022 തീയതിയിലെ 1/1 തീരുമാനപ്രകാരം അംഗീകരിച്ചു. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214 നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കാതെയാണ് സ്ഥാപനം ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. ഇത് പ്രകാരം ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) നോൺ പ്ലാൻ വരവ് ചെലവുകൾ സംബന്ധിച്ച് തന്നാണ്ട് പുതുക്കിയ ബജറ്റിനുള്ള ശുപാർശകളും ബജറ്റ് വർഷത്തേക്കുള്ള ശുപാർശകളും സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥരിൽ നിന്നും വിവരങ്ങൾ ആവശ്യപ്പെട്ടിട്ടില്ല. സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജനുവരി മാസം ആദ്യ വാരത്തിൽ തന്നെ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിക്കണം. ജനുവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കുകയും ചെയ്യണം. എന്നാൽ ഈ നടപടിക്രമങ്ങൾ ബജറ്റ് തയ്യാറാക്കുമ്പോൾ പാലിക്കപ്പെട്ടതായി കാണുന്നില്ല.

ഭരണസമിതി അംഗീകരിച്ച ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ്/ചെലവുകളും 2021-22 വർഷത്തെ വാർഷിക കണക്ക് പ്രകാരമുള്ള വരവ്/ചെലവുകളും തമ്മിൽ വലിയതോതിൽ വ്യത്യാസം നിലനില്ക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരമുള്ള വരവ്/ചെലവ് | യഥാർത്ഥത്തിലുള്ള വരവ്/ചെലവ് |
|---|---|---|
| മുന്നിരിപ്പ് | 525068 | 3715091 |
| വരവ് | 36559000 | 76198356 |
| ആകെ വരവ് | 37084068 | 79913447 |
| ചെലവ് | 36291500 | 69168516 |
| നീക്കിയിരിപ്പ് | 792568 | 10744931 |

നിയമ പ്രകാരമുള്ള നടപടിക്രമങ്ങളും സമയക്രമങ്ങളും പാലിച്ചുകൊണ്ട് ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 01.07.2022 |

## 1-2-1 വാർഷിക കണക്കിലെ അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു

1.ആസ്തികൾക്ക് ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ടിൽ തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ കണക്കാക്കിയതിന് വർക്ക് ഷീറ്റ് തയ്യാറാക്കിയിട്ടില്ല.

2.ബ്ലോക്ക് പഞ്ചായത്തിൽ ഇടപാടുകളില്ലാത്ത അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. വാർഷിക കണക്ക് പ്രകാരം "നാദം അക്കൗണ്ടിൽ(SGSY-113302) 2477890/-രൂപ നീക്കിയിരിപ്പുണ്ട്. മേൽ അക്കൗണ്ടിൽ അവസാനമായി ഇടപാട് നടന്നത് 2012-13 സാമ്പത്തിക വർഷത്തിലാണ്. കൂടാതെ KDC BANK ഇ.എം.എസ് അക്കൗണ്ടിൽ (1000006) 32761/- രൂപ നീക്കിയിരിപ്പ്.

3.വാർഷിക കണക്ക് പ്രകാരമുള്ള മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തി അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല. ഇതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള ഡെപ്പോസിറ്റ്, അഡ്വാൻസ് തുകയുടെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

4.വാടകയിനത്തിൽ ബ്ലോക്ക് പഞ്ചായത്തിൽ 24000/- രൂപ വരവുണ്ട്. വാടക വരവിന്റെ വാർഷിക സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല.

5. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

6.വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ , പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെട്ടിട്ടില്ല.

7.അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾക്ക് ബാധകമായ ടെണ്ടർ ഫോറം വില ( ഇ – ടെണ്ടർ ഫീ) വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

8.ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി-9 സ്റ്റേറ്റ്മെന്റ് പ്രകാരം Liability In Respect Of Stale Cheque എന്ന ശീർഷകത്തിൽ 25666/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ തുക 2018-19 മുതൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് നാളിതുവരെ ക്രമീകരിച്ചിട്ടില്ല.
അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3715091 |
| വരവ് | 76198356 |
| ആകെ | 79913447 |
| ചെലവ് | 69168516 |
| നീക്കിയിരിപ്പ് | 10744931 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 24507000 | 24507000 | 23622132 | 884868 |
| വികസന ഫണ്ട്-എസ്.സി.പി(ACR പ്രകാരം) | | 0 | 3125000 | 3125000 | 3125000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 499000 | 499000 | 499000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ്(ACR പ്രകാരം) | | 0 | 8336656 | 8336656 | 5425537 | 2911119 |
| 13ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ടൈഡ് | 0 | 6893300 | 6893300 | 1207548 | 5685752 |
| | അൺ-ടൈഡ് | 0 | 4854533 | 4854533 | 4801685 | 52848 |
| ട്രഷറി | ടൈഡ് | 0 | 1864455 | 1864455 | 1864455 | 0 |
| | അൺ-ടൈഡ് | 0 | 207409 | 207409 | 207409 | 0 |

(നോട്ട്-CFC-Untied ഇനത്തിൽ അക്കൗണ്ടിൽ പലിശ ഇനത്തിൽ വരവ് വന്ന തുക 84801/- രൂപ ഉൾപ്പെടെയാണ് ആകെ വരവായി ഉൾപ്പെടുത്തിയിരിക്കുന്നത്)

ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ -

2020-21 സാമ്പത്തിക വർഷത്തിൽ ഐ.കെ.എം.തയ്യാറാക്കി നൽകിയ ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1.ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പ്രകാരമുള്ള വിവിധ ഫണ്ടുകളുടെ അലോക്കേഷനും സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അലോക്കേഷനും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു.

| ഫണ്ടിനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം അലോക്കേഷൻ | സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം അലോക്കേഷൻ |
|---|---|---|
| വികസനഫണ്ട്-ജനറൽ ഉത്പാദനം | 31780603 | 6310766 |
| സേവനം | 259602249 | 18846253 |
| വികസനഫണ്ട്-എസ്.സി.പി. | 12282208 | 2021104 |

| | | |
|---|---|---|
| സേവനം | | |
| ഉല്പാദനം | 2250000 | 750000 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (സേവനം) | 12253950 | 10229175 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്- സേവനം | 8186656 | 21392310 |

## 1-5 പദ്ധതി അവലോകനം

തൻവർഷം 93 പ്രൊജക്റ്റുകൾക്ക് അംഗീകാരം ലഭിച്ചതിൽ 74 പ്രൊജക്റ്റുകൾ നടപ്പിലാക്കി. 19 പ്രൊജക്റ്റുകൾ നടപ്പിലാക്കിയില്ല. വികസന ഫണ്ടിനത്തിൽ ചെലവഴിച്ച തുകയുടെ വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | | മുൻ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | | 0 | 24507000 | 24507000 | 23622132 | 884868 | 96.39 |
| എസ്.സി.പി. | | 0 | 3125000 | 3125000 | 3125000 | 0 | 100 |
| ടി.എസ്.പി. | | 0 | 499000 | 499000 | 499000 | 0 | 100 |
| സി.എഫ്.സി(ടൈഡ്) | | 0 | 6893300 | 6893300 | 1207548 | 5685752 | 27.28 |
| സി.എഫ്.സി (അൺടൈഡ്) | | 0 | 4854533 | 4854533 | 4801685 | 52848 | 98.91 |
| ട്രഷറി | ടൈഡ് | 0 | 1864455 | 1864455 | 1864455 | 0 | 100% |
| | അൺടൈഡ് | 0 | 207409 | 207409 | 207409 | 0 | 100% |
| മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്) | | 0 | 8336656 | 8336656 | 5425537 | 2911119 | 65 |
| | | 0 | 52584408 | 52584408 | 40545357 | 12039051 | |

അംഗീകാരം ലഭിച്ച 19 പദ്ധതികൾ താഴെപ്പറയുന്ന നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയിട്ടില്ല. വിശദ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | നടപ്പാക്കാത്ത പദ്ധതികളുടെ എണ്ണം |
|---|---|
| സെക്രട്ടറി | 09 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 07 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 02 |
| മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ | 01 |

അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പിലാക്കാത്തതു കാരണം പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനം യഥാസമയം ലഭിക്കാതിരിക്കുകയും ലഭിച്ച ഫണ്ട് നഷ്ടപ്പെടുന്നതിനും ഇടയാക്കുന്നു. അംഗീകാരം ലഭിച്ച മുഴുവൻ പദ്ധതികളും നടപ്പിലാക്കുന്നുവെന്നും ലഭിച്ച തുക മുഴുവൻ ചെലവാക്കുന്നുവെന്നും ഭാവിയിൽ ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-6 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക്പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിലും രേഖകൾ സൂക്ഷിക്കുന്ന കാര്യത്തിലും അപാകതകൾ കാണുന്നു. ഓഫീസിലെ മുഴുവൻ ജീവനക്കാരെയും ഉൾപ്പെടുത്തി പ്രതിമാസ സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ സാമ്പത്തിക വർഷത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. തൻവർഷം 1 സ്റ്റാഫ് മീറ്റിംഗ് മാത്രമാണ് വിളിച്ച് ചേർത്തത്. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ സൂക്ഷിക്കാത്തതു സംബന്ധിച്ച് മുൻറിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരുന്നുവെങ്കിലും തൻവർഷവും ഇവ സൂക്ഷിച്ചിട്ടില്ല. ഇൻകുമ്പൻസി മാസ്റ്റർ രജിസ്റ്റർ പൂർത്തിയാക്കിട്ടില്ല.വിവരാവകാശ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് ഓഫീസ് ഉത്തരവ് പ്രകാരം പ്രത്യേക സെക്ഷനെ ചുമതലപ്പെടുത്തിയിട്ടില്ല. സ്വയംതൊഴിലിന് ധനസഹായം നൽകിയ പദ്ധതികൾ മേൽനോട്ടം വഹിക്കുന്നതിലും നേതൃത്വപരമായ പങ്ക് വഹിക്കുന്നതിലും വ്യവസായ വികസനഓഫീസറും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും വിജയിട്ടിച്ചില്ല. ബ്ലോക്ക് പഞ്ചായത്ത് ബാക്ക് എൻഡ് സബ്സിഡിയായി ബാങ്കിന് നൽകിയ തുക ഉൾപ്പെടെയുള്ള തുകയ്ക്ക് ഗുണഭോക്താക്കൾ തിരിച്ചടവ് നടത്തേണ്ടി വരുന്നു. അപാകത പരിഹരിക്കാൻ ബ്ലോക്ക് പഞ്ചായത്ത് അധികൃതർ ഇടപെട്ടതായി കാണുന്നില്ല.

## 1-7 പൊതുമരാമത്ത് പദ്ധതികളുടെ നിർവ്വഹണത്തിലെ പൊതു അപാകതകൾ

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ , അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പൊതുമരാമത്ത് പദ്ധതികളുടെ രൂപീകരണ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) കേരള പഞ്ചായത്ത് രാജ് ആക്ട് നാലാം പട്ടികയിൽ ബ്ലോക്ക് പഞ്ചായത്തുകളുടെ മേഖലാ ചുമതലകളെപ്പറ്റി വിശദീകരിക്കുന്നുണ്ട്. ഒന്നിലേറെ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകളുടെ പ്രവൃത്തിയും, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളുടെ പരിപാലനവുമാണ് ഈ വിഭാഗത്തിലെ പ്രധാന ചുമതലകൾ. എന്നാൽ ഒന്നിലേറെ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകളുടെ ഒരു പ്രവൃത്തിപോലും ഓഡിറ്റ് വർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയിട്ടില്ല.

2) പൊതുമരാമത്ത് മേഖലയുമായി ബന്ധപ്പെട്ട സ്റ്റാറ്റസ് റിപ്പോർട്ട് പൂർണ്ണമല്ല. റിപ്പോർട്ടിൽ മേഖലയിലെ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തിയതായി കാണുന്നില്ല. ബ്ലോക്ക് പഞ്ചായത്തിലെ പൊതുമരാമത്ത് മേഖലയിലെ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തി സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കേണ്ടതും, ഇതിൽ നിർദ്ദേശിച്ചിരിക്കുന്ന പദ്ധതികൾ നിർവ്വഹണം നടത്തേണ്ടതുമാണെന്ന നിർദ്ദേശം പാലിക്കാൻ ശ്രദ്ധിച്ചിട്ടില്ല.

3) സ.ഉ.(കൈ) നം.11/2018/തസ്വഭവ. തി.29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.3.5.6 ൽ ബ്ലോക്ക് പഞ്ചായത്തുകൾ അഞ്ച് ലക്ഷം രൂപയിൽ കുറവുള്ള പദ്ധതികൾ ഏറ്റെടുക്കാൻ പാടില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷങ്ങളിൽ നിർവ്വഹണം നടത്തിയ റോഡ് പ്രവൃത്തികളിൽ ഭൂരിഭാഗവും അഞ്ച് ലക്ഷം രൂപയിൽ താഴെ അടങ്കലുള്ള പ്രവൃത്തികളാണ്.

4) ഓഡിറ്റ് വർഷം നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് ബിറ്റുമിൻ വാങ്ങിയതിന്റെ ബില്ലുകൾ ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല.

5) പ്രൊജക്ട് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലിൽ, ടെണ്ടർ നോട്ടീസ് കോപ്പി, പ്രവൃത്തി പൂർത്തിയാക്കി സൈറ്റ് തിരിച്ചേൽപ്പിച്ചതിന്റെ രേഖ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

6) ഓരോ മരാമത്ത് പ്രവൃത്തിയും പൂർത്തിയായതിന് ശേഷം ബന്ധപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റി സൈറ്റ് സന്ദർശിച്ച് വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി ഭരണസമിതിക്ക് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ തയ്യാറാക്കിയ മോണിറ്ററിംഗ് റിപ്പോർട്ടുകൾ ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/21-22 /03.10.22) മറുപടി സമർപ്പിച്ചിട്ടില്ല. പൊതുമരാമത്ത് മേഖലയുമായി ബന്ധപ്പെട്ട ഇത്തരം അപാകതകൾ മുൻ വർഷങ്ങളിലെ റിപ്പോർട്ടുകളിൽ പരാമർശിച്ചിരുന്നെങ്കിലും ഇവ പരിഹരിക്കാൻ നടപടികളുണ്ടായിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കുന്നതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-8 എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി - പദ്ധതി മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതിയിൽ വിദ്യാർത്ഥികൾക്ക് പഠനമുറിക്ക് ആനുകൂല്യം നൽകുന്നതിന് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണം | എസ്.സി.ഡി.ഒ |
| പ്രോജക്ട് നം. | 40/22 |
| അടങ്കൽ | 1000000/- |
| ഫണ്ട് | വികസനം.(SCP) |
| ചെലവ് | 9255000/- |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ.ഉ (കൈ) നം.22/2018/തസ്വഭവ.തി.14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖ.7-2-10 ൽ

എസ്.സി വിഭാഗം ഗുണഭോക്താക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിന് വരുമാന പരിധി ബാധകമല്ല എന്ന് സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളിൽ നിന്നും വരുമാന സർട്ടിഫിക്കറ്റ് വാങ്ങിയതായി കാണുന്നു. മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത അധിക നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുക വഴി ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കുന്നതിന് കാലവിളംബവും അധികചെലവും ഉണ്ടാകുന്നു.

2. ഗുണഭോക്താക്കളിൽ നിന്നും രജിസ്റ്റേഡ് എഞ്ചിനിയർ തയ്യാറാക്കിയ ഡീറ്റയ്ൽഡ് എസ്റ്റിമേറ്റ് വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി മാർഗ്ഗരേഖയിൽ ഇത്തരത്തിലുള്ള എസ്റ്റിമേറ്റ് വാങ്ങണമെന്ന് നിർദ്ദേശിച്ചിട്ടില്ല. പ്രൈവറ്റ് എഞ്ചിനീയറിൽ നിന്ന് എസ്റ്റിമേറ്റ് വാങ്ങുന്നതിന് പാവപ്പെട്ട എസ്.സി. കുടുംബങ്ങളിലെ ഗുണഭോക്താക്കൾ ഗണ്യമായ തുക പ്രതിഫലം കൊടുക്കേണ്ട അവസ്ഥയുണ്ടെന്ന് ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ ഓഡിറ്റിനെ അറിയിക്കുകയുണ്ടായി എന്നത് ശ്രദ്ധേയമാണ്.

3. പദ്ധതി സംബന്ധിച്ച് വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/21-22 /03.10.22) മറുപടി നൽകിയിട്ടില്ല. പദ്ധതി മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാത്തതുമൂലം ഗുണഭോക്താക്കൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-9 അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല

ബാലൻസ് ഷീറ്റ് പരിശോധിച്ചതിൽ തൻവർഷം ഡെപ്പോസിറ്റ് ഇനത്തിൽ 1033428 രൂപയും അഡ്വാൻസ് ഇനത്തിൽ 641135 രൂപയും ക്രമപ്പെടുത്താനവശേഷിക്കുന്നുണ്ട്. എന്നാൽ ഇതു സംബന്ധിച്ച രജിസ്റ്റർ ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഓഫീസ് ഓർഡർ പരിശോധിച്ചതിൽ ഹെഡ് അക്കൗണ്ടന്റിന് നൽകിയ ചുമതലകളിൽ അഡ്വാൻസ് &ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഓഫീസ് ഓർഡറിലെ നിർദ്ദേശം പാലിച്ചിട്ടില്ല. അഡ്വാൻസ്/ഡെപ്പോസിറ്റ് ഇനങ്ങളിൽ ഇനം തിരിച്ച് നാളിതുവരെ ക്രമപ്പെടുത്തിയ തുക , ക്രമപ്പെടുത്താൻ അവശേഷിക്കുന്ന തുക എന്നീ വിവരങ്ങൾ ഉൾപ്പെടുത്തിയ രജിസ്റ്റർ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-10 കുറ്റ്യാടി താലൂക്ക് ആശുപത്രിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ-സർക്കാർ ഉത്തരവിന് വിരുദ്ധമായി പദ്ധതി പണം ചെലവഴിച്ചു

1- പ്രോജക്ട് നം-90/21-22. കുറ്റ്യാടി താലൂക്ക് ആശുപത്രിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ (സ്പിൽ ഓവർ)

നിർവ്വഹണം-മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ കുറ്റ്യാടി

അടങ്കൽ-173442/-(മെയിന്റനൻസ് -നോൺറോഡ്)

ചെലവ്-158450/-(ബിൽ നം-02/21-22 തിയ്യതി-17.06.2021 തുക-72400/-

ബിൽ നം-04/21-22 തിയ്യതി-17.06.2021 തുക-16350/-

ബിൽ നം-05/21-22 തിയ്യതി-17.06.2021 തുക-7500/-

ബിൽ നം-06/21-22 തിയ്യതി-17.06.2021 തുക-62200/-)

മേൽ പ്രോജക്ട് പ്രകാരം കുറ്റ്യാടി താലൂക്ക് ഹോസ്പിറ്റലിലേക്ക് കംപ്യൂട്ടറുകൾ(2 എണ്ണം), റഫ്രിജറേറ്റർ (1), വാക്വം ക്ലീനർ, വാട്ടർ ജെറ്റ് പമ്പ് എന്നിവ വാങ്ങുകയാണ് ചെയ്തിട്ടുള്ളത്.

ചെലവിൽ ഉൾപ്പെട്ട 72400/- രൂപയ്ക്ക് 2 ലെനോവോ ഡെസ്ക് ടോപ്പ് കംപ്യൂട്ടർ
(2 UPS ഉൾപ്പെടെ) ഇൻഫോ സിസ്റ്റംസ് കുറ്റ്യാടി എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. ആയതിനായി ക്വട്ടേഷൻ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ 3 സ്ഥാപനങ്ങൾ ക്വട്ടേഷൻ സമർപ്പിച്ചിരുന്നു. കൂടാതെ ശീതീകരിച്ച് മരുന്നുകൾ സ്റ്റോർ ചെയ്യുന്നതിനായി 62200/- രൂപ ചെലവഴിച്ച്

കണ്ണങ്കണ്ടി സെയിൽസ് കോർപ്പറേഷൻ കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും റഫ്രിജറേറ്ററും വാങ്ങിയിട്ടുണ്ട്.

2. ഇ-ഹെൽത്ത്

പ്രോജക്ട് നം-89/21-22

അടങ്കൽ-55101/-(മെയിന്റനൻസ് -നോൺറോഡ്)

ചെലവ്-42961/-(03/21-22 തീ 17.06.2021)

ക്വട്ടേഷൻ ക്ഷണിച്ച് സ്പെക്ട്രം ഇൻഫോസിസ് വടകര എന്ന സ്ഥാപനത്തിൽ നിന്നും 42961/- രൂപ ചെലവഴിച്ച് ഡെൽ ഡെസ്ക്ക്-ടോപ്പ് കംപ്യൂട്ടർ വാങ്ങി. ജി.ഒ(പി)നം-10/2019/എസ്.പി.ഡി തിയ്യതി-22.08.2019 പ്രകാരം സർക്കാർ വകുപ്പുകളും, പൊതുമേഖല സ്ഥാപനങ്ങളും മറ്റ് സ്ഥാപനങ്ങളും കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ മുഖേന വാങ്ങേണ്ടതാണെന്ന നിബന്ധന സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 7.52 ൽ കൂട്ടിച്ചേർത്തിട്ടുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായാണ് മേൽ പ്രോജക്ടുകൾ മുഖേന ഡെസ്ക്ക്ടോപ്പ് കംപ്യൂട്ടറുകൾ വാങ്ങിയിരിക്കുന്നത്. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല(ഓഡിറ്റ് എൻക്വയറി നം-10/21-22 തിയ്യതി-03.10.2022) അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ചെറിയ യൂണിറ്റുകളായി തിരിച്ചാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. ചെറിയ യൂണിറ്റുകളായി തിരിച്ച് വാങ്ങിയത് കാരണം പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിക്കുന്നതിന് സാദ്ധ്യതയില്ലെന്നും ചെലവ് തുക 216403/- തടസ്സത്തിൽ വെക്കുന്നു.

1-11 വനിതകൾക്ക് പ്രത്യേകമായി പദ്ധതികളാവിഷ്ക്കുന്നതിൽ വീഴ്ച

ഓഡിറ്റ് വർഷം ഡി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികളിൽ രണ്ട് പ്രോജക്ടുകളിൽ പ്രൊജക്ട് നമ്പർ 72/22 പ്രകാരം കാലിത്തീറ്റ സബ്സിഡി (വനിത) പ്രൊജക്ട് നമ്പർ 70/22 പ്രകാരം ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (വനിത) എന്നീ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. സ.ഉ (കൈ) നം.11/2018/തസ്വഭവ. തി.29.1.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.6-3 (iii) ൽ വനിതകൾക്കും പുരുഷന്മാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രൊജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താൻ പാടില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത് പരിഗണിക്കാതെ പദ്ധതിയിൽ വനിതാ വിഹിതം ഉൾക്കൊള്ളിക്കുക എന്ന ലക്ഷ്യത്തിൽ മാത്രം പദ്ധതികൾ നടപ്പാക്കുന്നത് ശരിയായ നടപടിയല്ല. അപാകത വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-05/21-22/ 03.10.22) മറുപടി നൽകിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും വനിതാ പദ്ധതികളുടെ കാര്യത്തിൽ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

1-12 കമ്മ്യൂണിറ്റി ബേസ്ഡ് ഡിസെബിലിറ്റി മാനേജ്മെന്റ് സെന്റർ നടത്തിപ്പ് - മുഴുവൻ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ബ്ലോക്കിലെ ഭിന്നശേഷി വിഭാഗങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി നടത്തിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | സി.ഡി.പി. ഒ |
| പ്രോജക്ട് നം. | 51/22 |
| അടങ്കൽ | 150000/- |

| | |
|---|---|
| ഫണ്ട് | വികസനം. |
| ചെലവ് | 124545/- |

ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ മാനസികവും ശാരീരികവും ആയ കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് സ്ഥിരമായ ചികിത്സാ സംവിധാനം ബ്ലോക്ക് സി.എച്ച്.സി കേന്ദ്രീകരിച്ച് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജില്ലാ ഭരണകൂടത്തിന്റെ നിർദ്ദേശ പ്രകാരം നിർവ്വഹണം നടത്തിയ നൂതന പദ്ധതിയാണിത്. ഇതിനായി റിഹാബിലിറ്റേഷൻ സൈക്കോളജിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ് എന്നീ ജീവനക്കാരെ നിയമിച്ച് ഇവർക്ക് ഓണറേറിയം നൽകുന്നതിനാണ് പ്രധാനമായും തുക ചെലവഴിച്ചിരിക്കുന്നത്. ഇവരുടെ ജോലിയുമായി ബന്ധപ്പെട്ട റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/21-22/03.10.22) മറുപടി സമർപ്പിച്ചിട്ടില്ല. സി.ഡി.എം.സി യുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രവർത്തനങ്ങളുടെ വിശദമായ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

## 1-13 ഭവന നിർമ്മാണ പദ്ധതികൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിൽ വീഴ്ച

ഓഡിറ്റ് വർഷം നടപ്പാക്കിയ വിവിധ ഭവന നിർമ്മാണ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പദ്ധതിയുടെ പേര് | പ്രൊജക്ട് നം. | അടങ്കൽ | ചെലവ് |
|---|---|---|---|
| ലൈഫ് പി.എം.എ.വൈ.ഭവന നിർമ്മാണം .ജനറൽ | 13/22 | 29522848 | 16040848 |
| ലൈഫ് പി.എം.എ.വൈ.ഭവന നിർമ്മാണം (S.C) | 38/22 | 1013000 | 513000 |
| ലൈഫ് പി.എം.എ.വൈ.ഭവന നിർമ്മാണം (S.t) | 48/22 | 1369000 | 199000 |

ഓഡിറ്റ് വർഷം മേൽ സൂചിപ്പിച്ച ഭവനനിർമ്മാണ പദ്ധതികളിലായി 46 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകേണ്ടത്. ഇതിൽ 39 പേർ മാത്രമേ എഗ്രിമെന്റ് വെച്ചിട്ടുള്ളൂ. ബാക്കി ഗുണഭോക്താക്കൾ എഗ്രിമെന്റ് വെച്ചിട്ടില്ല. പ്രവർത്തി ആരംഭിച്ചതിൽ 13 വീടുകൾ മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. 6 ഗുണഭോക്താക്കൾ ഇതുവരെ ബേസ് മെന്റ് പ്രവൃത്തി മാത്രമേ പൂർത്തിയാക്കിയിട്ടുള്ളൂ. ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | വിഭാഗം | പഞ്ചായത്ത് |
|---|---|---|
| അശ്വതി.പൊയിലുപറമ്പത്ത് | എസ്.ടി | കാവിലുംപാറ |
| നാണി. മുണ്ടക്കണ്ടിയിൽ | ജനറൽ | ടി |
| ഗിരിജ. പുത്തൻപുരയിൽ | ജനറൽ | മരുതോങ്കര |
| സുശീല.പെരുമ്പാട്ട് മീത്തൽ | എസ്.സി | വേളം |
| വിജില.ചമ്പിലോറേമ്മൽ | ജനറൽ | നരിപ്പറ്റ |
| കാഞ്ചന. പുളിയറച്ചാലിൽ | ജനറൽ | മരുതോങ്കര |

ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കാത്തതിന്റെ കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 4/21-22/03.10.22) മറുപടി നൽകിയിട്ടില്ല. പൂർത്തിയാക്കാത്ത വീടുകൾ പൂർത്തിയാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 പട്ടികവർഗ്ഗ കോളനിയിൽ മെഡിക്കൽ ക്യാമ്പ് -മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത ഇനത്തിന് തുക ചെലവഴിച്ചു.

പ്രോജക്ട് നം-37/21-22

നിർവ്വഹണം-മെഡിക്കൽ ഓഫീസർ-താലൂക്ക് ഹോസ്പിറ്റൽ

അടങ്കൽ-100000/-(ടി.എസ്.പി)

ചെലവ്-100000/-(ബിൽ നം-54/21—22 തിയ്യതി-08.03.2022 തുക-25000/-

ബിൽ നം-61/21—22 തിയ്യതി-25.03.2022 തുക-39460/-

ബിൽ നം-64/21—22 തിയ്യതി-26.03.2022 തുക-35540/-)

കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ പട്ടികവർഗ്ഗകോളനികളിൽ മാർച്ച് 2022 ൽ 3 ദിവസങ്ങളിലായി ഡോക്ടർമാർ ഉൾപ്പെട്ട മെഡിക്കൽ സംഘം മെഡിക്കൽ ക്യാംമ്പ് നടത്തിയതിന് 100000/- രൂപ ചെലവഴിച്ചിട്ടുണ്ട്. മെഡിക്കൽ ക്യാമ്പ് ഓഡിയോ, വീഡിയോ റെക്കോർഡ് ചെയ്യതിന് തംബുരു ഓഡിയോ & വീഡിയോസ് ഡിജിറ്റൽ സ്റ്റുഡിയോ എന്ന സ്ഥാപനത്തിന് 3000/- രൂപ നൽകിയിട്ടുണ്ട്. സ.ഉ (കൈ) നം-22/2018/തസ്വഭവ/തിയ്യതി- 14.02.2018 സബ്സിഡി മാർഗ്ഗരേഖ പ്രകാരം മെഡിക്കൽ ക്യാംമ്പുകൾ സംഘടിപ്പിക്കാവുന്നതാണ്. എന്നാൽ മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത ഇനത്തിനാണ് പ്രോക്ടിൽ ഉൾപ്പെട്ട തുകയിലെ 3000/- രൂപ ചെലവഴിച്ചിട്ടുള്ളത്. അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം-9/21-22 തിയ്യതി-03.10.2022). ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതാണ്.

## 1-15 ബേങ്കുകളുടെ അനാസ്ഥ – സ്വയം തൊഴിൽ സംരംഭം ആരംഭിച്ച ഗ്രൂപ്പുകൾ പ്രതിസന്ധിയിൽ

വ്യവസായ വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതിയിൽ മൂന്ന് പട്ടികജാതി വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് സബ്സിഡി നൽകി നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | ഐ.ഇ.ഒ |
| പ്രോജക്ട് നം. | 11/22 |
| അടങ്കൽ | 750000/- |
| ഫണ്ട് | വികസനം.scp |
| ചെലവ് | 750000/- |
| ബിൽനം.തി. | 197/24.2.22 |

ആനുകൂല്യം ലഭിച്ച മൂന്ന് ഗ്രൂപ്പുകളിൽ ഒന്ന് കുറ്റ്യാടി ഗ്രാമപഞ്ചായത്തിലെ ഐൻ ഗാർമെന്റ് മേക്കിംഗ് എന്ന ഗ്രൂപ്പാണ്. കേരള ഗ്രാമീണ ബേങ്ക് കുറ്റ്യാടി ശാഖയിൽ നിന്നാണ് ഗ്രൂപ്പ് ലോൺ എടുത്തിരിക്കുന്നത്. പ്രൊജക്ട് റിപ്പോർട്ട് പ്രകാരം ഗാർമെന്റ് മേക്കിംഗ് എന്ന പദ്ധതിക്ക് മൂന്ന് ലക്ഷം രൂപയാണ് സംഘത്തിന് ലോൺ അനുവദിക്കേണ്ടത്. ഇതിൽ രണ്ടര ലക്ഷം രൂപ ബേക്ക് എൻഡ് സബ്സിഡി ഇനത്തിൽ ബ്ലോക്ക് പഞ്ചായത്ത് അനുവദിച്ചതാണ്. ബാക്കിവരുന്ന അൻപതിനായിരം രൂപ ഉൾപ്പെടെ മൂന്ന് ലക്ഷം രൂപയാണ് ബേങ്ക് ലോണായി അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ ബേങ്ക് 21.12.2021 ന് 285000/-രൂപ മാത്രമാണ് ലോൺ അനുവദിച്ചത് ബാക്കി വരുന്ന 15000/-രൂപ ഗുണഭോക്തൃ വിഹിതം എന്ന നിലയിൽ പിടിച്ചുവെച്ചു. ഗുണഭോക്തൃ വിഹിതം ആയി പ്രൊജക്ട് റിപ്പോർട്ടിൽ കാണിക്കാത്ത സാഹചര്യത്തിൽ ഈ തുക ഗ്രൂപ്പിന് നൽകാതിരുന്നതിന്റെ കാരണം വ്യക്തമല്ല. ഫലത്തിൽ ഗ്രൂപ്പിന് 35000/-രൂപ മാത്രമാണ് ബേങ്ക് ലോണായി അനുവദിച്ചിരിക്കുന്നത്.

ലോക്ക് ഇൻ പിരീഡ് മൂന്ന് വർഷമായതിനാൽ ലോണിനത്തിലെ 35000/-രൂപ പലിശ ഉൾപ്പെടെ 36 മാസതവണകളായി തരിച്ചടയ്ക്കേണ്ടതാണ്. ഇതു പ്രകാരം പരമാവധി പ്രതിമാസ തിരിച്ചടവ് 1000/- രൂപ മാത്രമേ വരികയുള്ളൂ. എന്നാൽ ലോൺ തിരിച്ചടവായി ബാങ്ക് നിർദ്ദേശിച്ചിരിക്കുന്നത് 7533/- രൂപയാണ്. സബ്സിഡി ഉൾപ്പെടെയുള്ള തുക തിരിച്ചടവ് കണക്കാക്കിയതാണ് ഇത്രയും തുക പ്രതിമാസ

തവണയായി നിശ്ചയിച്ചതിന്റെ കാരണം. ഇങ്ങനെ മൂന്ന് വർഷം തിരിച്ചടയ്ക്കണമെന്ന് ബാങ്ക് നിർദ്ദേശിച്ചതായി ഗ്രൂപ്പ് ഭാരവാഹികൾ ഓഡിറ്റിനെ അറിയിക്കുകയുണ്ടായി. ഗ്രൂപ്പിനെ സംബന്ധിച്ചിടത്തോളം ഇത് വലിയ തുകയാണ്. ഇതുമൂലം ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾക്ക് പണത്തിന്റെ ലഭ്യത കുറയുകയും, ഗ്രൂപ്പിന്റെ പ്രവർത്തനം മന്ദീഭവിക്കുകയും ചെയ്യുന്നതായി ഭാരവാഹികൾ അറിയിക്കുകയുണ്ടായി. ഗ്രൂപ്പ് 21.7.2022 വരെ 23760/- രൂപ തിരിച്ചടച്ചിട്ടുണ്ട്. ഗ്രൂപ്പ് പ്രവർത്തനം തുടങ്ങി 36 മാസംകൊണ്ട് തിരിച്ചടയ്ക്കേണ്ട ലോൺ തുക 8 മാസങ്ങൾക്കുള്ളിൽതന്നെ തിരിച്ചടവ് പൂർത്തിയായിരിക്കുന്ന സ്ഥിതിയാണുള്ളത്. വനിതാ ഗ്രൂപ്പുകളെ ശാക്തീകരിച്ച് അവരെ സ്വയം പര്യാപ്തതയിലേക്ക് നയിക്കേണ്ടതിന് പകരം അനാവശ്യ നിബന്ധനകൾ ഏർപ്പെടുത്തി ഗ്രൂപ്പുകളെ ബുദ്ധിമുട്ടിക്കുന്നത് ശരിയായ നടപടിയല്ല. ഇത് പരിഹരിക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥനോ, ഭരണസമിതിയോ ഇടപെട്ടതായി കാണുന്നില്ല. പദ്ധതികളുടെ മോണിറ്ററിംഗിന്റെ അഭാവമാണ് ഇത്തരം അപാകതകളിലേക്ക് നയിക്കുന്നത്. ഗുണഭോക്തൃവിഹിതമിനത്തിൽ ഗ്രൂപ്പിൽ നിന്നും ബാങ്ക് ഈടാക്കിയ തുക തിരിച്ചുനൽകാൻ നടപടി സ്വീകരിക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/21-22/ 03.10.22) മറുപടി സമർപ്പിച്ചിട്ടില്ല. വനിതകളുടെ ഗ്രൂപ്പ് സംരംഭങ്ങളെ പ്രോൽസാഹിപ്പിക്കേണ്ടതിന് പകരം അവരെ നിരുൽസാഹപ്പെടുത്തുന്ന സാഹചര്യം ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

1-16 സ്വയം തൊഴിൽ സംരഭത്തിന് സബ്സിഡി ലഭിച്ച വനിതാ ഗ്രൂപ്പ് സംരഭം തുടങ്ങിയില്ല.

വ്യവസായ വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതിയിൽ മൂന്ന് പട്ടികജാതി വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് സബ്സിഡി നൽകുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | ഐ.ഇ.ഒ |
| പ്രോജക്ട് നം. | 11/22 |
| അടങ്കൽ | 750000/- |
| ഫണ്ട് | വികസനം.scp |
| ചെലവ് | 750000/- |
| ബിൽനം.തി. | 197/24.2.22 |

മൂന്ന് ഗ്രൂപ്പുകൾക്ക് രണ്ടര ലക്ഷം രൂപ വീതമാണ് സബ്സിഡി നൽകിയത് ഇതിൽ ഐശ്വര്യ സ്വയം സഹായ സംഘം കാവിലുംപാറ നാളിതുവരെ സംരംഭം ആരംഭിച്ചിട്ടില്ല. ബിൽഡിംഗ് നിർമ്മാണത്തിനുള്ള ഉപകരണങ്ങൾ വാടകയ്ക്ക് നൽകുന്ന പദ്ധതിക്കാണ് ഇവർക്ക് സബ്സിഡി നൽകിയിരിക്കുന്നത്. മേൽസൂചനാ ബിൽ പ്രകാരം സബ്സിഡി തുക ബാങ്കിലേക്ക് നൽകിയിട്ടുണ്ടെന്നും, ഗ്രൂപ്പിലെ അംഗങ്ങൾക്കിടയിലെ അനൈക്യം കാരണമാണ് സംരംഭം തുടങ്ങാത്തതെന്നും വ്യവസായ വികസന ഓഫീസർ അറിയിച്ചിട്ടുണ്ട്. എന്നാൽ ഗ്രൂപ്പുകളെ തെരഞ്ഞെടുത്തതിലെ അപാകതയും, അവർക്ക് ആവശ്യമായ ട്രെയിനിംഗ് നൽകുന്നതിലുണ്ടായ വീഴ്ചയുമാണ് ഇതിലേക്ക് നയിച്ചതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്

(നം.7/21-22/03.10.22) മറുപടി സമർപ്പിച്ചിട്ടില്ല. ഗ്രൂപ്പ് ഇതുവരെയും സംരംഭം ആരംഭിക്കാത്ത സാഹചര്യത്തിൽ സബ്സിഡി തുക തിരിച്ച് പിടിക്കാൻ നടപടികൾ സ്വീകരിച്ച് തുക സർക്കാർ ഫണ്ടിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 27.09.2022-28.09.2022 | |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 6926000 | ലൈഫ് പി.എം.എ.വൈ ഭവനം(ജനറൽ) | 6926000 | |
| ഗ്രാമപഞ്ചായത്ത് | 2021-22 | 5922244 | പി.എം.എ.വൈ ഗ്രാമപഞ്ചായത്ത് വിഹിതം | 5922244 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവ് വന്ന 6653 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2003-04 | 3-1 | 6653 | ശ്രീ.കുഞ്ഞിരാമൻ പുളിയുള്ളതിൽ | 121050900011/ 03.10.2022 |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 3-1 | 2016-17 | 4.8.1.76 | ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലലംഘനം | പരാമർശം നിലനില്ക്കുന്നു |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 76198356 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 69168516 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 216403 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| | | |
|---|---|---|
| 216403/- | ഡോ.അനൂപ് ബാലഗോപാൽ മെഡിക്കൽ ഓഫീസർ | സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ, കുറ്റ്യാടി 5/751, അനൂപ് ഹൗസ് രാരിച്ചൻ റോഡ്, കോഴിക്കോട് |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

- ഇല്ല-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എ.കെ.കെ.ഡി.പി8/713/ 22(1)/ തീയതി.20.05.2022 | 2(49,52) |
| 2001-02 | കെ.എസ്.എ.കെ.കെ.ഡി.പി8/713/22(3) തിയ്യതി-20.05.2022 | 2(11,15) |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി.പി7/414/18(4) തീയതി. 25.5.2018 | 1 (3-1) |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി8/713/22(7) തീയതി.20.05.2022 | 8 (3-2,3-4(2,3),3-11,3-12,3-14, 3-16,3-17) |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി8/713/ 22(16)തീയതി.20.05.2022 | 5 (3-3,3-4,3-6,3-13,3-14) |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി.പി8/713/22(8) തീയതി.20.05.2022 | (3-1,3-3,3-5,3-6(6),3-8, 3-9,3-10,3-13) |
| 2010-11& 2011-12 | കെ.എസ്.എ.കെ.കെ.ഡി.പി8/713/22(9) തീയതി.20.05.2022 | 5 (3-2,3-3,3-4,3-5,3-10) |
| 2012-13 | കെ.എസ്.എ.കെ.കെ.ഡി.പി8/713/ 22(10)തീയതി.20.05.2022 | 3 (3-1, 3-2, 3-3) |

| | | |
|---|---|---|
| 2013-14<br>2014-15 | കെ.എസ്.എ.കെ.കെ.ഡി.പി8/713/ 22(11)തീയതി.20.05.2022 | 7<br>(3-1, 3-2, 3-3, 3-4, 3-7, 3-8, 3-9) |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി7/713/ 22(12)തീയതി. 20.05.2022 | 4<br>(3-2, 3-3, 3-5, 3-8) |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി12/201/2020 തീയതി.12.06.2020 | 3<br>(2-1, 3-1, 3-4) |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി12/1360/20 തീയതി. 14.07.21 | 10<br>(1-12, 3-2, 3-3, 3-6(5), 3-7, 3-8, 3-9, 3-11, 3-12) |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി12/880/20 തീയതി. 16.11.21 | 4<br>1-15,1-18 (2),(3), 1-19 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.പി8/1811/2021 തീയതി.13.09.2022 | 1-1,1-2-1(2 മുതൽ 11 വരെ),1-6,1-8,1-9, 1-10,1-11,1-12,1-14,1-15,4-11 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി.പി8/1812/21 തീയതി.19.09.2022 | 15<br>(1-2-1, 1-7-1, 1-8, 1-9, 1-10, 1-11, 1-1 മുതൽ 1-22 വരെ 1-12 മുതൽ 1-16 വരെ, 1-18, 1-19, 1-20, 1-22) |

ജോയിന്റ് ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്